**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി -പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കീഴിലുള്ള കുന്നന്നൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ഓഫീസ് അറ്റന്റന്റ് ആയിരിക്കെ മരണമടഞ്ഞ പി. ശെൽവരാജിന്റെ മകനായ ശ്രീ.ഹരിപ്രസാദ്.എസ്-ന് കൃഷി വകുപ്പിൽ ക്ലാർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി കൊണ്ട് പുറപ്പെടുവിച്ച സർക്കാർ റദ്ദ് ചെയ്ത് കൊണ്ടും ടിയാനെ വനം-വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (ഭരണം) അനുമതി നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(കൈ) നം.26/2024/AGRI തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. 24.05.1999-തീയതിയിലെ സ.ഉ.(പി) 12/99/ഉഭപവ.
2. 12.04.2010-തീയതിയിലെ സ.ഉ.(പി) 14/10/ഉഭപവ.
3. 25.07.2015 തീയതിയിലെ സ.ഉ.(പി) 23/2015/ഉഭപവ.
4. ശ്രീ.ഹരിപ്രസാദ്.എസ് ന്റെ 26.12.2017 തീയതിയിലെ അപേക്ഷ.
5. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.03.2018 ലെ എസ്.എ(4)10925/18 നമ്പർ കത്ത്.
6. പാലക്കാട് ജില്ലാകളക്ടറുടെ 02.08.2019 തീയതിയിലെ DCPKD/ 4348/2010-A3 നമ്പർ കത്ത്.
7. 06.12.2019 ലെ G.O.(Ms)No.150/2019/Agri നമ്പർ ഉത്തരവ്.
8. ശ്രീ. ഹരിപ്രസാദ് എസ്. 17/08/2023-ൽ സമർപ്പിച്ച അപേക്ഷ
9. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/09/2023-ലെ ADFW/9951/20/SA4 കത്ത്.
10. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) -റുടെ 09/10/2023 ലെ KFDHQ/2413/2021-ADMIN/E6 നമ്പർ കത്ത്.
11. പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പിന്റെ 27.02.2024 തീയതിയിലെ SD2/92/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കീഴിലുള്ള കുന്നത്തൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ഓഫീസ് അറ്റന്റന്റ് ആയിരിക്കെ 05.07.2016ന് മരണമടഞ്ഞ പി.സെൽവരാജിന്റെ മകനായ ശ്രീ.ഹരിപ്രസാദ്.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൃഷി വകുപ്പിൽ ക്ലാർക്ക് ആയി നിയമനം നൽകുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത ശിപാർശയിന്മേൽ പാലക്കാട് ജില്ലാ കളക്ടർ പരാമർശം( 6 ) പ്രകാരം റിപ്പോർട്ട് സമർപ്പിച്ച

അപേക്ഷകന്റെ ജനന തീയതി 06.09.1999 ആണെന്നും ടിയാൾ എസ്.എസ്.എൽ.സി പരീക്ഷ പാസായിട്ടുണ്ടെന്നും അപേക്ഷകയുടെ കുടുംബവാർഷിക വരുമാനം 18,000/- (പതിനെട്ടായിരം രൂപ മാത്രം) രൂപയാണെന്നും കൂടാതെ പരേതനായ സർക്കാർ ഉദ്യോഗസ്ഥന്റെ ആശ്രിതരെല്ലാം ശ്രീ.ഹരിപ്രസാദ്.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും കൂടാതെ പരേതന്റെ ആശ്രിതർക്ക് ആർക്കും തന്നെ ഈ പദ്ധതിയിൻ കീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പരാമർശം 1,2,3-ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുണ്ട് എന്ന് കണ്ടതിനാൽ പാലക്കാട് ജില്ലാകളക്ടർ ,വകുപ്പ് ഡയറക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം(7) പ്രകാരം ശ്രീ.ഹരിപ്രസാദ്.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

4. തുടർന്ന് ശ്രീ. ഹരിപ്രസാദ്.എസ്സ്-ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് കാലതാമസം നേരിടുമെന്നും ആയതിനാൽ ടിയാന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്നും അഭ്യർത്ഥിച്ച് പരാമർശം (8) പ്രകാരം സമർപ്പിച്ച അപേക്ഷ വകുപ്പ് ഡയറക്ടർ പ്രകാരം ശിപാർശ ചെയ്ത് പരാമർശം(9) സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

5. ശ്രീ. ഹരിപ്രസാദ്.എസ്സ്-ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളതായും ശാരീരിക യോഗ്യതയും വൺ സ്റ്റാർ ടെസ്റ്റും എൻഡ്യൂറൻസ് ടെസ്റ്റും നടത്തിയതിൽ ടിയാൻ പ്രസ്തുത തസ്തികയ്ക്ക് യോഗ്യനാണെന്നും ഭരണവിഭാഗം വനം വവ്യജിവി വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (10) റിപ്പോർട്ട് ചെയ്യുകയും ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ടിയാന് നിയമനത്തിന് ആവശ്യമായ ഒഴിവ് (11) പ്രകാരം മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട് .

6. മേൽ സാഹചര്യത്തിൽ ശ്രീ.ഹരിപ്രസാദ്.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകികൊണ്ടുള്ള പരാമർശം (7) ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും പരാമർശം (10), (11) എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ.ഹരിപ്രസാദ്.എസ്, (കൊഴിയാമ്പാറ, കരിമണ്ണ, പാലക്കാട് – 678555.) ന് വനം-വന്യജീവി വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഒഴിവിൽ, അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള പാലക്കാട് ജില്ലയിലോ, പരാമർശം(1) ഉത്തരവിലെ ഖണ്ഡിക 28 ലെ വ്യവസ്ഥകൾക്ക് വിധേയമായി സമീപ ജില്ലകളിലൊ ചുവടെപ്പറയുന്ന നടപടികൾക്കും വ്യവസ്ഥകൾക്കും നിലവിലെ ചട്ടങ്ങൾക്കും വിധേയമായി നിയമനം നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസർക്ക് അനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു.

i. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്.

ii. ടിയാന്റെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് ,ടിയാൻ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

iii. പരേതനായ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും ജീവനക്കാരൻ അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധമായ രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

iv. അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ

കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോദ്ധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
അഡിഷണൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം),ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം

ശ്രീ.ഹരിപ്രസാദ്.എസ്, കൊഴിയാമ്പാറ, കരിമണ്ണ, പാലക്കാട് – 678555.(രജിസ്റ്റേർഡ് തപാൽ മുഖേന)

ജില്ലാ കളക്ടർ, പാലക്കാട്.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്

പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പ് (27.02.2024 തീയതിയിലെ SD2/92/2024 നമ്പർ കത്ത്.)

വനം-വന്യജീവി (എഫ്) വകുപ്പ് (18.01.2024 ലെ F3/167/2023/F&WLD )

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ